ഭൂമികുലുക്കത്തെ തുടർന്ന് ഇറിഗേഷൻ പദ്ധതികൾക്ക് ഉണ്ടായ ബലക്ഷയം

32 (257) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടുത്ത കാലത്തുണ്ടായ ഭൂമികുലുക്കത്തിൽ ഏതെല്ലാം ഇറിഗേഷൻ പദ്ധതികൾക്കാണ് ബലക്ഷയം ഉണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ബലക്ഷയം (കേടുപാടുകൾ) ഇറിഗേഷൻ പദ്ധതികളെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനെക്കുറിച്ച് പഠിക്കുവാൻ സർക്കാർ ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ആരെല്ലാമാണ് സമിതിയംഗങ്ങൾ, ഇതിനെക്കുറിച്ചുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതു വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) ജലസേചന വകുപ്പിന്റെ കീഴിലുള്ള പഴശ്ശി, മംഗലം പോത്തുണ്ടി, മലമ്പുഴ, പമ്പ, കല്ലട എന്നീ അണക്കെട്ടുകൾ സുരക്ഷിതമാണെന്ന് വിവരം ലഭിച്ചിട്ടുണ്ട്. (കല്ലട) ജലസേചന പദ്ധതിയുടെ ഉറുകുന്നു ഭാഗത്ത് വളരെ ചെറിയ ഒരു വിള്ളൽ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട് ബാക്കിയുള്ള അണക്കെട്ടുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നതേയുള്ളൂ. പൂർണ്ണവിവരം ലഭിച്ചതിനുശേഷമേ ഇതു സംബന്ധിച്ച് വിശകലനം സാദ്ധ്യമാവുകയുള്ളൂ.

(സി&ഡി) ഭൂമികുലുക്കം മൂലം ഡാമുകൾക്കുണ്ടായ ബലക്ഷയം പഠിക്കുവാൻ സർക്കാർ പ്രത്യേക സമിതിയെ നിയോഗിച്ചിട്ടില്ല. എന്നാൽ പദ്ധതി പ്രദേശത്തു നിന്നും ലഭിയ്ക്കുന്ന പ്രാരംഭ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമുണ്ടെങ്കിൽ, സർക്കാരിന്റെ 31-10-2000-ലെ ജി.ഒ.എം.എസ് 75/2000/ജലവ. എന്ന ഉത്തരവ് പ്രകാരം രൂപീകരിച്ചിരിയ്ക്കുന്ന അണക്കെട്ടു സുരക്ഷാ സമിതിയംഗങ്ങൾ പ്രസ്തുത ഡാമുകൾ സന്ദർശിക്കുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നതാണ്. മേൽപരാമർശിച്ചിട്ടുള്ള സുരക്ഷാ സമിതിയിൽ ജലസേചന സെക്രട്ടറി ചെയർമാനും ചീഫ് എഞ്ചിനീയർ (രൂപകല്പന) കൺവീനറുമാണ്. ജലസേചന വകുപ്പിലെതന്നെ പ്രോജക്ട് I പ്രോജക്ട് II, പ്രോജക്ട് III എന്നിവയുടെ ചീഫ് എഞ്ചിനീയർമാരും സെൻട്രൽ വാട്ടർ കമ്മീഷൻ ചീഫ് എഞ്ചിനീയർ ശ്രീ. ആന്റണി, ബാലൻ എന്നിവർ അംഗങ്ങളും മാധവൻനായർ, (റിട്ടയേർഡ് ചീഫ് എഞ്ചിനീയർ, ജലസേചനവകുപ്പ്) ശ്രീ. ശശിധരൻ (റിട്ട. ചീഫ് എഞ്ചിനീയർ വൈദ്യുതി ബോർഡ്) എന്നിവർ അനൗദ്യോഗികാംഗങ്ങളുമാണ്.

LIBRARY ARCHIVES Kerala Legislative Assembly